Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

ഒക്ടോബർ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



- പാസ്റ്ററുടെ സന്ദേശം
- വചന പഠനം : സീയോൻ
- വിശ്വാസ വീരന്മാർ : ഫ്ലോറൻസ്  നൈറ്റിംഗേൽ

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.     മത്തായി 16:18

Private Circulation Only

www.prconline.org



## പാസ്റ്ററുടെ സന്ദേശം ...

വർഷാവസാനത്തിന്റെ തുടക്കമായി ഒക്ടോബർ മാസത്തെ കാണാവുന്നതാണ്. സമയം അതിവേഗം നീങ്ങുന്നു എന്ന ചിന്ത നമ്മെ സ്വാധീനിക്കാവുന്നതുമാണല്ലോ.

ഒരു യാത്ര കഴിയുമ്പോൾ പുറപ്പെട്ട സ്ഥലത്തേക്ക് തന്നെ മടങ്ങിപ്പോകാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ സമയത്തിലുള്ള യാത്രയെ സംബന്ധിച്ചിടത്തോളം നമ്മെ മുന്നോട്ടു കൊണ്ടുപോകുവാനാണ് സമയം ശ്രമിക്കുന്നത്.

2018 ജനുവരിയിലേക്ക് തിരിച്ചുപോകുവാൻ സമയത്തെക്കുറിച്ചുള്ള അറിവ് നമ്മെ അനുവദിക്കുന്നില്ല.

എന്നാൽ

2018 – ൽ നാം ശേഖരിച്ച വിലയേറിയ പലതും ചേർത്തെടുത്താൽ അവ ഒക്കെയും വളരെ വിലമതിക്കാവുന്നതത്രേ. പല സത്യങ്ങളുടെയും പിന്നിലുള്ള സത്യം ഭോഷ്ക്കാണെന്നു നാം മനസ്സിലാക്കുകയും നമ്മെ കൂടുതൽ ജ്ഞാനികളാക്കുന്നവയാണ് പല അനുഭവങ്ങളുമെന്നു തിരിച്ചറിയുകയും, എന്നാൽ എല്ലാ സാഹചര്യങ്ങളിലും ദൈവം വിശ്വസ്തനും, സ്നേഹവാനും എന്നു നമുക്ക് കാണുവാനും സാധിച്ചു എന്നുള്ളതാണ് നമ്മുടെ ഏറ്റവും വലിയ മുതൽക്കൂട്ട്.

2019 – ൽ ഒരു പുതുവർഷത്തെ നേരിടുവാൻ തയ്യാറാകുക.
"കണ്ടാലും ഞാൻ പുതിയതൊന്നു ചെയ്യുന്നു".
എല്ലാ നന്മകളും നേരുന്നു.

ഷിജു നൈനാൻ
പാസ്റ്റർ, ഫിലഡൽഫിയ റിവൈവൽ ചർച്ച്

## വചന പഠനം : സീയോൻ

*സങ്കീർത്തനങ്ങൾ 48:12-14*
*12 സീയോനെ ചുറ്റിനടന്നു പ്രദക്ഷിണം ചെയ്‌വിൻ; അതിന്റെ ഗോപുരങ്ങളെ എണ്ണുവിൻ.*
*13 വരുവാനുള്ള തലമുറയോടു അറിയിക്കേണ്ടതിന്നു അതിന്റെ കൊത്തളങ്ങളെ സൂക്ഷിച്ചു അരമനകളെ നടന്നു നോക്കുവിൻ.*
*14 ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും.*

നമ്മിലെ ഉൾനട്ട മനുഷ്യനെ സീയോനോട് സാമ്യപ്പെടുത്തി കൊണ്ടുള്ള ചില ആവിഷ്കാരങ്ങൾ കഴിഞ്ഞ ലക്കങ്ങളിൽ നാം കാണുകയുണ്ടായി.

അഞ്ചു കാര്യങ്ങൾ ചെയ്യുവാൻ സങ്കീർത്തനക്കാരൻ ഇവിടെ നമ്മെ പ്രബോധിപ്പിക്കുന്നു. വരും തലമുറയോട് ദൈവനാമം പ്രഖ്യാപിക്കുക എന്നതാണ് ഉദ്ദേശ്യം. ഈ അഞ്ചു കാര്യങ്ങൾ എന്താണെന്ന് ശ്രദ്ധിക്കാം.

1. സീയോനുമായി കൂട്ടായ്മയിൽ ആയിരിക്കുക
2. സീയോന് ചുറ്റും നടക്കുക
3. സീയോന്റെ ഗോപുരങ്ങളെ കാണുക
4. സീയോന്റെ പ്രാകാരങ്ങളെ ശ്രദ്ധിക്കുക
5. സീയോന്റെ അരമനകളെ ശ്രദ്ധിക്കുക

സീയോനിലെ പ്രവർത്തികളും നാം ശ്രദ്ധിക്കുന്നത് അനുഗ്രഹമാണ്; അതായത്,

1. പറയുക
2. അടയാളപ്പെടുത്തുക
3. പരിഗണിക്കുക

പ്രവർത്തികളുടെ ഉദ്ദേശ്യം ഗോപുരങ്ങൾ, പ്രാകാരങ്ങൾ, അരമനകൾ എന്നിങ്ങനെ സീയോനിൽ കാണുന്നതും, പറയത്തക്കതും ആയവയെ മനസ്സിലാക്കുകയത്രേ.

പുതിയനിയമത്തിൽ നമ്മിലുള്ള സീയോനിൽ വെളിപ്പെട്ടിരിക്കുന്ന ഗോപുരങ്ങളെയും, പ്രാകാരങ്ങളെയും, അരമനകളെയും നാം ശ്രദ്ധിക്കുകയും അവയെക്കുറിച്ചു നാം പറയുകയും അടയാളപ്പെടുത്തുകയും പരിഗണിക്കുകയും ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്നൊരു വ്യാഖ്യാനം കർത്താവിൽ ആശ്രയിച്ചുയെടുക്കുകയാണ്. അതിനുകാരണം പുതിയനിയമ സീയോൻ നമ്മുടെ അകത്തു നട്ടിരിക്കുന്ന പുതിയ മനുഷ്യനത്രെ. ഈ പുതിയ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതും, ഈ പുതിയ മനുഷ്യൻ ആയിരിക്കുന്നതും പുനരുദ്ധാനം ചെയ്ത ക്രിസ്തുവിന്റെ സ്വരൂപത്താലും സാദൃശ്യത്താലുമത്രെ. അങ്ങനെയാണെങ്കിൽ നമ്മുടെ ശ്രദ്ധ, ക്രിസ്തുവിലുള്ള നമ്മുടെ പുതിയ മനുഷ്യനിൽ ദൈവം നട്ടുവളർത്തുന്ന ദൈവപ്രവർത്തികൾ തന്നെ ആയിരിക്കണം. ദൈവപ്രവർത്തി വെളിപ്പെടുന്നത് ദൈവസ്നേഹത്തിലാണ് എന്ന് ഇവിടെ അടിവരയിട്ടു പറയുവാൻ ആഗ്രഹിക്കുന്നു.

അങ്ങനെയാണെങ്കിൽ പൗലോസ് അപ്പോസ്തോലന്റെ ലേഖനത്തിൽ ഇതിന് തുല്യമായ ഒരു ഉപദേശം കാണാവുന്നതാണ്. എഫെസ്യ ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് ദൈവമക്കൾ ശ്രദ്ധിക്കുമല്ലോ,

*എഫെസ്യർ 3:18 നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും*

പുതിയ നിയമത്തിലെ സീയോനിൽ (നമ്മിൽ ഉൾനട്ടനട്ടിരിക്കുന്ന പുതിയ മനുഷ്യനിൽ) കൂടെയാണ് ദൈവപ്രവർത്തികൾ വെളിപ്പെട്ടിരിക്കുന്നത്.

ഇവിടെ പ്രകടമായിരിക്കുന്ന സന്ദേശം എന്തെന്നാൽ, ക്രിസ്തുവിലുള്ള (നമ്മിൽ ഉൾനട്ടിരിക്കുന്ന ദൈവമനുഷ്യനിൽ കൂടിയുള്ള) ദൈവപ്രവർത്തികളിൽ നാം വ്യാപൃതരായിരിക്കുകയെന്നത്രേ.

എൻറെ മാതാപിതാക്കളോ, അവരുടെ മാതാപിതാക്കളോ ആത്മീയ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്ന അത്രയും താൽപര്യത്തോടെ ലൗകീകകാര്യങ്ങളെക്കുറിച്ച് പറയുന്നത് ഞാനോർക്കുന്നില്ല. നമുക്കും കൂടുതലായി ദൈവീക കാര്യങ്ങളിൽ (ഉൾനട്ട മനുഷ്യന്റെ ദൈവീക പ്രവർത്തികളിൽ) ഇടപെടാം. അങ്ങനെ നമ്മുടെ കുഞ്ഞുങ്ങൾ ദൈവത്തെ അറിയുകയും അവർക്ക് ദൈവീക പാരമ്പര്യത്തെ തുടർന്ന് ലഭിക്കുകയും ചെയ്യും എന്ന് കർത്താവിൽ വിശ്വസിക്കാം.

# വിശ്വാസ വീരന്മാർ : ഫ്ലോറൻസ് നൈറ്റിംഗേൽ

**ബാല്യകാലം**

1820 - ൽ വളരെ കുലീനമായ ഒരു ധനിക കുടുംബത്തിലാണ് ഫ്ലോറൻസ് നൈറ്റിംഗേൽ ജനിച്ചത്. അവളുടെ പിതാവ് വില്യം നൈറ്റിംഗേൽ ദേശത്തെ ഒരു ഉയർന്ന നാഗരാധിപനും (ഷെരിഫ്), വളരെ ധനാഢ്യനായ ഭൂവുടമയും ആയിരുന്നു. നാല്പത്തിയാറു വർഷം പാർലമെൻറിലെ അംഗമായിരുന്ന വില്യം സ്മിത്തിന്റെ മകളായ ഫാനി സ്മിത്ത് ആയിരുന്നു അവളുടെ മാതാവ്.

വളരെ മനോഹരമായ ഒരു കുട്ടിക്കാലവും അവൾക്ക് ഉണ്ടായിരുന്നു. വേനൽകാലത്തും, ശീതകാലത്തും താമസിക്കുവാൻ 2000 ഏക്കർ വീതമുള്ള എസ്റ്റേറ്റും സ്ഥലങ്ങളും അവർക്കുണ്ടായിരുന്നു.

**ദൈവ ഹിതത്തെക്കുറിച്ചുള്ള ആഴമേറിയ ബോധം**

ആറു വയസ്സാകുന്നതിന് മുൻപ് തന്നെ ദൈവത്തെക്കുറിച്ച് അവൾ ബോധവതി ആയിരുന്നു. മറ്റൊരിടത്ത് ചില ചാർച്ചക്കാരോടൊപ്പം താമസിച്ചിരുന്ന മൂത്ത സഹോദരി പാർത്തിന് അവൾ ഇപ്രകാരം എഴുതി, "നമ്മൾ പരസ്പരം കൂടുതൽ സ്നേഹിക്കണം എന്നുള്ളത് ദൈവ ഹിതവും നമ്മുടെ അമ്മയുടെ ആഗ്രഹവുമാണ്."

**വിദ്യാഭ്യാസം**

ഏറ്റവും നല്ല വിദ്യാഭ്യാസം മാതാപിതാക്കൾ അവൾക്ക് നൽകി. സാഹിത്യം, ഗണിതശാസ്ത്രം, പുതിയ ഭാഷകൾ എല്ലാം അവൾ പഠിച്ചു. ഗണിതശാസ്ത്രത്തിൽ പ്രത്യേക കഴിവുണ്ടായിരുന്നു അവൾക്ക് അതിൽ ഒരു

ഉന്നത വിജയം നേടുവാൻ പിതാവിൻറെ ശിക്ഷണം വളരെ സഹായിച്ചു. വളരെ ശൈത്യമുള്ള സമയത്തും അവൾ പ്രഭാതത്തിൽ നാലുമണിക്ക് ഉണർന്നു പഠിക്കുമായിരുന്നു. എന്നാൽ അവളുടെ യഥാർത്ഥ താല്പര്യം ആതുര ശുശ്രൂഷയോടായിരുന്നു(നേഴ്സിംഗ്). പ്രത്യേകിച്ചും, പാവപ്പെട്ടവരായ രോഗികൾക്ക്, സൗഖ്യം ലഭിക്കുക എന്നത്.

**നേഴ്സിംഗിനോടുള്ള അതിയായ താല്പര്യം**

അവളുടെ അതിയായ താല്പര്യം ആതുര ശുശ്രൂഷ (നേഴ്സിംഗ് ) എന്നതിലായിരുന്നു. രോഗികളുടെ കഷ്ടതയിൽ നിന്നും അവരെ വിടുവിക്കുന്നതിൽ അവൾ അതിയായ സന്തോഷം കണ്ടെത്തി. നല്ല മരുന്നിനെക്കുറിച്ചും, നല്ല ആരോഗ്യത്തെയും രോഗസൗഖ്യത്തെക്കുറിച്ചും അറിയുവാൻ അവൾ വളരെ തല്പരയായിരുന്നു. എവിടെയെങ്കിലും ഒരു ശിശു ജനിക്കുകയോ, കുടുംബത്തിലോ, ചാർച്ചക്കാരിലോ, ആരെങ്കിലും രോഗിയായിയുള്ളിടത്തോ എപ്പോഴും ഒരു നഴ്സായി ശുശ്രുഷിക്കുവാൻ അവൾ സ്വമനസാ ഒരുക്കമായിരുന്നു.

**മാനസാന്തരം**

പതിനാറാം വയസ്സിൽ അവൾ വീണ്ടും ജനനം പ്രാപിച്ചു. 'ജേക്കബ് അബ്ബോട് എഴുതിയ കോർണർ സ്റ്റോൺ' എന്ന ഒരു പുസ്തകം അവളെ ദൈവത്തോട് വളരെ അടുപ്പിച്ചു. " ഈ പുസ്തകമായിരുന്നു എന്റെ മാനസാന്തരത്തിന് മുഖാന്തരമായത് എന്ന് വർഷങ്ങൾക്ക് ശേഷം അവൾ പറയുകയുണ്ടായി."

**ദൈവവിളി - ഫെബ്രുവരി 7 , 1837**

മാനസാന്തരത്തിന് ചില മാസങ്ങൾക്ക് ശേഷം അവൾ തൻറെ ഉദ്യാനത്തിൽ തനിയെ പ്രാർത്ഥിച്ചുകൊണ്ട് നടക്കുമ്പോൾ "എന്നെ സേവിക്കുവാൻ ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു" എന്നൊരു ദൈവ ശബ്ദം അവൾ കേട്ടു. ആ രാത്രിയിൽ തൻറെ ഡയറിയിൽ അവൾ ഇപ്രകാരം കുറിച്ചു, "ദൈവത്തെ സേവിക്കുവാൻ എന്നെ വിളിക്കുന്ന ദൈവത്തിൻറെ ശബ്ദം ഇന്ന് ഞാൻ കേട്ടു". ആ ദിവസം മുതൽ എല്ലാ മാസത്തിന്റെയും ഏഴാം ദിവസം സ്വയം പരിശോധനക്കുള്ള ദിവസമായി അവൾ മാറ്റിവച്ചു. എല്ലാ തീരുമാനവും പ്രവർത്തിയും ചിന്തയും ശോധന ചെയ്തു, സ്വജീവിതം നേരായ മാർഗ്ഗത്തിൽ നയിക്കണം എന്നുറച്ചു.

**കുട്ടികൾക്കായുള്ള വേദപഠനം**

ദൈവവിളി കേട്ടശേഷം തൻറെ ജീവിതം ദൈവത്തിനായി സമർപ്പിക്കുവാൻ അവൾ തീരുമാനിച്ചു. സമീപമുള്ള ഗ്രാമങ്ങളിലെ സ്ത്രീകളെയും കുട്ടികളെയും സന്ദർശിച്ചു ക്രമമായി വേദപുസ്തകം പഠിപ്പിക്കുവാൻ ആരംഭിച്ചു. പാട്ടുകൾ പാടുകയും വേദപുസ്തകത്തിൽ നിന്നും വായിച്ച് അതിൻറെ അർത്ഥം അവർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്തു. ബൈബിൾ ക്ലാസിനുശേഷം രോഗികളുടെ കൂടെ സമയം ചെലവഴിക്കും, അവർക്ക് മരുന്ന് കൊടുക്കുകയും ചെയ്തിരുന്നു. അന്നത്തെ കാലങ്ങളിൽ അംഗീകൃത നേഴ്സിങ് പഠനം ഉണ്ടായിരുന്നില്ല എന്നതിനാൽ, ഫ്ലോറൻസ് തനിയെ തന്നെ പഠിക്കുവാൻ ആരംഭിച്ചു.

**ഫ്ലോറൻസിന്റെ ആദ്യത്തെ ചോദ്യം, 1842**
ബാരൻ ചാൾസ് ബെൻസൺ എന്നൊരു ജർമ്മൻ സ്ഥാനപതി(അംബാസിഡർ) ഒരു ദിവസം അവരുടെ ഭവനത്തിൽ വരുവാനിടയായി. അദ്ദേഹം ഒരു പണ്ഡിതനും, സമർപ്പണ ജീവിതമുള്ള ഒരു ക്രിസ്ത്യാനിയും ആയിരുന്നു. ഫ്ലോറൻസ് അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു, "നിസ്സഹായരും, ദയനീയാവസ്ഥയിലുള്ളവരിൽ നിന്നും കഷ്ടപ്പാടിന്റെ ഭാരം നീക്കുന്നതിന് ഒരു വ്യക്തിക്ക് എന്ത് ചെയ്യുവാൻ സാധിക്കും?" നേഴ്സ് ആയി ദൈവത്തെ സേവിക്കുവാൻ സമർപ്പണം ഉള്ള സ്ത്രീകളെ പ്രവർത്തകരായി പരിശീലിപ്പിക്കുവാൻ പാസ്റ്റർ ഫ്ലിൻഡർ സ്ഥാപിച്ച ഒരു സ്ഥാപനത്തെക്കുറിച്ച് അദ്ദേഹം അവളോട് പറയുകയുണ്ടായി.

**ഫ്ലോറൻസിന്റെ രണ്ടാമത്തെ ചോദ്യം**
1842 മുതൽ ചരിത്രത്തിലെ ഏറ്റവും മോശമായ ക്ഷാമത്തിൽ കൂടെ വടക്കേ യൂറോപ്പ് കടന്നുപോയി. 1845 - ൽ യൂറോപ്പിലെ പ്രധാന ഭക്ഷണമായ ഉരുളക്കിഴങ്ങ് ഉൽപാദനം പരാജയപ്പെട്ടു. അയർലൻഡിൽ മാത്രമായി 1,500,000 ജനങ്ങൾ മരണപ്പെട്ടു, ജർമ്മനിയിലും സ്കോട്ട്ലൻഡിലും 100,000 ജനങ്ങൾ മരണമടഞ്ഞു. തൽസമയം അവൾ തൻറെ ഡയറിയിൽ ഇപ്രകാരം എഴുതി, "എന്റെ മനസ്സ് മനുഷ്യൻറെ കഷ്ടത എന്ന ആശയത്തിൽ മുഴുകിയിരിക്കുകയാണ്, അതെന്നെ മുന്നിലും പിന്നിലുമായി ഞെരുക്കുകയാണ്...... ഈ ലോകത്തിന്റെ മഹത്വങ്ങളെ കുറിച്ച് കവികൾ പാടുന്നത് യഥാർത്ഥമല്ലെന്നു തോന്നിപ്പോകുന്നു. ഞാൻ കാണുന്ന ജനങ്ങളെല്ലാം കഷ്ടതയോ, ദാരിദ്രമോ, പട്ടിണിയാലോ പിടിക്കപ്പെട്ടവരാണ്. " അവളുടെ ആത്മീയ ഉപദേഷ്ടാവായ ആൻറിക്ക് അയച്ച ഒരു കത്തിൽ അവൾ ഇപ്രകാരം ചോദിച്ചു, "പാവപ്പെട്ടവരെ സഹായിക്കാതെ നാമിങ്ങനെ ആഡംബര ജീവിതം നയിച്ചാണോ ദൈവത്തിന് മഹത്വം കരേറ്റുന്നത്?"
*കടപ്പാട്: Eternal Light Biographies* (തുടരും.....)

# പാചക കുറിപ്പുകൾ

**എങ്ങിനെയാണ് ശുദ്ധമായ കായപ്പൊടി ഉണ്ടാക്കുന്നത്?**

സിസ്റ്റർ. ലീല ജോർജ്ജ്

കടയിൽനിന്ന് വാങ്ങുന്ന കായപൊടി പുതിയതും ശുദ്ധമായതും ആയിരിക്കില്ല. കമ്പനിക്കാർ അതിൽ കൂട്ട് ചേർക്കുന്നുണ്ട്. അതുകൊണ്ട് നമുക്ക് നല്ല കായപ്പൊടി വീട്ടിൽ ഉണ്ടാക്കുന്നത് എങ്ങനെയെന്ന് നോക്കാം.

ഒരു പാക്കറ്റ് L.G കായത്തിന്റെ ബാർ വാങ്ങുക. അതിൻറെ പ്ലാസ്റ്റിക് കവർ മാറ്റിയിട്ട് ഒരു മൈക്രോവേവിൽ വെക്കാവുന്ന പ്ലേറ്റിൽ വച്ച് മൈക്രോവേവ് ഓവനിൽ 30 സെക്കൻഡ് ചൂടാക്കുക. അപ്പം പൊങ്ങുന്നതുപോലെ പൊങ്ങിവരും. ഒരു ബട്ടർ നൈഫ് ഉപയോഗിച്ച് മറിച്ചിട്ടു പിന്നെയും 30 സെക്കൻഡ് ചൂടാക്കുക. ഇതു പ്ലേറ്റിൽ പറ്റിപിടിക്കുന്നതുകൊണ്ട് ബട്ടർ നൈഫ് ഉപയോഗിക്കുന്നതാണ് നല്ലത്. ഒരു

മിനിറ്റ് തണുത്തതിനുശേഷം ചെറിയ കല്ലുരലിലിട്ടു നുറുക്കി എടുക്കുക. എന്നിട്ട് ഈ ചെറിയ കഷണങ്ങൾ മിക്സിയിൽ ഇട്ട് പൊടിച്ചെടുക്കുക. നല്ല ശുദ്ധമായ കായപ്പൊടി കിട്ടും; നല്ല മണവും.

പിന്നീട് ഉപയോഗിക്കുവാനായി കുപ്പിയി ലാക്കി കാറ്റുകയറാതെ അടച്ച് സൂക്ഷിക്കുക.

## Love the Lord – Word Scramble Puzzle

- **Complete the Bible verse given below.**

**<u>Bible Verse</u>: Mark 12:30 (KJV)**

" And thou shalt love the lord thy ___________ with all thy ___________ and with all thy soul and with all thy mind and with all thy ___________ this is the ___________ ___________".

- **<u>Unscramble the following words:</u> (Hint: Words taken from the above verse)**

1 - NDMNOATCMEM

2 - TFRIS

3 - RTAHE

4 - GOD

**Copy the circled letters from above into the blanks below and unscramble the final word.** (Hint: Look for the words not used earlier)

___ ___ ___ ___ ___ ___ ___ ___

Created online at <u>Gospel Hall dot Org</u>

## Event Schedule

| |
|---|
| **Sunday Service**<br>10:30 AM - 12:30 PM : Worship Service<br><br>09:15 AM - 10:15 AM : Sunday School |
| **Special Worship(In Church):** Friday 7:00 PM - 9:00 PM<br>**Youth Meetings:** Every other Saturdays 5:00 PM - 7:00 PM<br>**Bible Study(In Homes):**<br>Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM<br>**Cell Meetings:**<br>Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM |

